II ഇ.ബി. XIII- കേരള നിയമസഭ/IX-6

പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2013 ജൂൺ 17, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ചോദ്യോത്തരവേള സസ്പെന്റ് ചെയ്തുകൊണ്ട് അടിയന്തര പ്രമേയം ചർച്ചയ്ക്കെടുക്കണമെന്ന് പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആവശ്യപ്പെടുകയും സഭാനടപടി ചട്ടങ്ങൾക്കും കീഴവഴക്കങ്ങൾക്കും വിരുദ്ധമായ പ്രസ്തുത ആവശ്യം അംഗീകരിക്കാൻ നിർവ്വാഹമില്ലെന്ന് ബഹു. സ്പീക്കർ റൂളിംഗ് നൽകുകയും ചെയ്തതിനെത്തുടർന്ന് പ്രതിപക്ഷാംഗങ്ങൾ ഡയസിനുചുറ്റും നിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

(ചോദ്യകർത്താക്കൾ ആരും സീറ്റിലില്ലാതിരുന്നതിനാൽ T*151, *152, *153, *154 എന്നീ നമ്പർ ചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടില്ല.)

19 (*155) സർക്കാർ ഭൂമിയിലെ വൻമരങ്ങൾ

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) നൽകിയ മറുപടിയിൽ, വൻമരങ്ങൾ ഉണ്ടാകുന്നത് ഭൂപ്രദേശത്തിന് പരിസ്ഥിതിപരമായി നല്ലതാണെങ്കിലും അപകട

സാദ്ധ്യത കണക്കിലെടുത്തും വികസനപ്രവർത്തനങ്ങൾക്കുവേണ്ടിയുമാണ് മരങ്ങൾ മുറിക്കുന്നതെന്നും വനമല്ലാത്ത സർക്കാർ ഭൂമിയിലെ മരങ്ങൾ അപകടസാദ്ധ്യതയുള്ളവയാണെങ്കിൽ പരിശോധിച്ച് തീരുമാനമെടുക്കാൻ വൃക്ഷ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത കമ്മിറ്റി മുറിക്കാൻ അനുമതി നൽകുമ്പോൾ കൂടുതൽ മരങ്ങൾ വച്ചുപിടിപ്പിക്കണമെന്ന നിബന്ധന വയ്ക്കാറുണ്ടെന്നും സഭയെ അറിയിച്ചു. സർക്കാർ ഭൂമിയിൽ നിൽക്കുന്ന വൻമരങ്ങളുടെ ആയുർദൈർഘ്യം സംബന്ധിച്ച് പ്രത്യേക പഠനം നടത്തുകയോ വനമല്ലാത്ത സർക്കാർ ഭൂമിയിലെ മരങ്ങളെ സംബന്ധിച്ച് സ്വാഭാവിക പ്രായപരിധി നിർണ്ണയിക്കുകയോ ചെയ്തിട്ടില്ല. സർക്കാർ ഭൂമിയിൽ പ്രായക്കൂടുതൽ കൊണ്ട് സ്വാഭാവികമായി നശിച്ചുകൊണ്ടിരിക്കുന്ന വിലപിടിപ്പുള്ള മരങ്ങൾ വെട്ടിമാറ്റി പകരം മരങ്ങൾ വച്ചുപിടിപ്പിക്കുന്ന കാര്യം പ്രത്യേകം പരിഗണിക്കും. വഴിയോരങ്ങളിലെ തണൽമരങ്ങളിൽ ആണിതറച്ച് ബോർഡ് സ്ഥാപിക്കുന്നതിനെതിരെ നടപടി സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിനുചുറ്റും നിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ രാവിലെ 8.40-ന് ചോദ്യോത്തരവേളയുടെ തുടർന്നുള്ള ഭാഗങ്ങൾ സസ്പെന്റ് ചെയ്തതായി ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.)

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1609 മുതൽ 1959 വരെയുള്ള ചോദ്യങ്ങളിൽ 205 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)